MAY 2021
DIRECTORATE OF ... THIRUVANANTHAPURAM
Directorate of BCDD
E Office ...

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസനം - പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകൾ - ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.37/2021/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 29/04/2021.

================================================================

പരാമർശം : 1. സ.ഉ.(സാധാ) നം.20/2020/പി.വി.വി.വ., തീയതി 02/03/2020.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 22/04/2021 -ലെ ബി.സി.ഡി.ഐ.ആർ/24/2020-എ 1 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിലെ ഔദ്യോഗിക ആവശ്യത്തിനായി പരാമർശ ഉത്തരവ് പ്രകാരം ബൊലേറോ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയിരുന്നു. മേഖലാ ഓഫീസുകളിലേക്ക് ബൊലേറോ മോഡൽ വാഹനം കോൺട്രാക്ട് അടിസ്ഥാനത്തിൽ ലഭിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ, ബൊലേറോ എന്നതിന് പകരം Swift Dzire / Toyota Etios / Maruti Ciaz / സമാന മോഡലിലുള്ള വാഹനം ഡ്രൈവർ ഉൾപ്പെടെ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി പരാമർശത്തിലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശ കത്ത് മുഖേന ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിലെ ഔദ്യോഗിക ആവശ്യത്തിനായി ബൊലേറോ മോഡൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകുന്നു എന്നതിന് പകരം Swift Dzire / Toyota Etios / Maruti Ciaz / സമാന മോഡലിലുള്ള വാഹനം ഡ്രൈവർ ഉൾപ്പെടെ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകുന്നു എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ